# ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിൻ കീഴിലുള്ള ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസിൽ നിന്നും പ്രസിദ്ധപ്പെടുത്തുന്നത് എന്തെന്നാൽ,

ചോറ്റാനിക്കര ക്ഷേത്രത്തിലെ 1199 എം.ഇ. മണ്ഡലം മകരവിളക്ക് കാലഘട്ടത്തിൽ (17/11/2023 മുതൽ 20/1/2024) ചെയ്യേണ്ടതായ ശുചീകരണജോലികൾ, ശുചീകരണപ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വിതരണം ചെയ്യൽ തുടങ്ങിയവ എറ്റെടുത്ത് നടത്തുന്നതിന് തയ്യാറുള്ള വ്യക്തികളിൽ നിന്നും മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. പ്രവർത്തികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1) ക്ഷേത്രപരിസരം, വടക്ക് പൂരപ്പറമ്പ്, തെക്ക് പാർക്കിംഗ് ഗ്രൗണ്ട്, പാത്രക്കുളം പരിസരം, അന്നദാനമണ്ഡപത്തിനു കിഴക്കുവശം ആനക്കൊട്ടിലിനു തെക്കുവശം, വാട്ടർടാങ്കിനു തെക്കുവശം, കീഴ്ക്കാവ് സമീപം തെക്കുവശത്തുള്ള ടോയ്‌ലറ്റ് ബ്ലോക്ക് സ്ഥിതി ചെയ്യുന്ന പറമ്പ്, അഡ്മിനിസ്ട്രേഷൻ ബ്ലോക്കിന് വടക്കുവശം തമ്പുരാട്ടിക്കുളത്തിനു ചുറ്റുമുള്ള സ്ഥലം, പഴയ ഓഫീസ് കെട്ടിടത്തിന്റെ പരിസരം, ശാസ്താക്ഷേത്രത്തിന്റെ പരിസരം, വലിയ കീഴ്ക്കാവ് പരിസരം,യക്ഷിക്കുളത്തിലേക്ക് പോകുന്ന വഴിയുടെ ഇരുഭാഗവും, ശാസ്താക്ഷേത്രത്തിൽ നിന്നും കംഫർട്ട് സ്റ്റേഷനിലേക്കുള്ള വഴി, ദേവസ്വം ഷോപ്പിംഗ് കോംപ്ലക്സിന്റെ വടക്കുഭാഗം പമ്പ് ഹൗസ്, എ ബ്ലോക്ക്, ജി ബ്ലോക്ക്, നാരായണമന്ദിരം പുറകുവശം, താല്ക്കാലിക കംഫർട്ട് സ്റ്റേഷൻ പരിസരം, കീഴ്ക്കാവ് പരിസരം തുടങ്ങിയ സ്ഥലങ്ങളിലെ കുറ്റിക്കാട് വെട്ടിത്തെളിക്കുന്ന പ്രവർത്തി, കീഴ്ക്കാവ് കുളം, തമ്പുരാട്ടിക്കുളം ചണ്ടിവാരൽ ( 2 പ്രാവശ്യം).

2) മണ്ഡലം-മകരവിളക്ക് സീസണിൽ (66 ദിവസക്കാലം- 20/1/24 വരെ) ക്ഷേത്രപരിസരം, വടക്ക് പൂരപ്പറമ്പ്, തെക്ക് പാർക്കിംഗ് ഗ്രൗണ്ട്, ശാസ്താക്ഷേത്രത്തിന് പിൻവശത്തെ റോഡിന്റെ പരിസരം, കീഴ്ക്കാവ് ക്ഷേത്രത്തിന്റെ പരിസരം, കംഫർട്ട് സ്റ്റേഷൻ പരിസരം, ദേവസ്വം ലോഡ്ജുകളുടെ പരിസരം, താല്ക്കാലിക കംഫർട്ട് സ്റ്റേഷൻ പരിസരം തുടങ്ങിയ സ്ഥലങ്ങളിലെ ശുചീകരണജോലികളും ബ്ലീച്ചിംഗ് പൗഡറും ഫിനോയിലും രാവിലെയും വൈകിട്ടും ഇടുന്നതിനും. മിനിമം 6 പണിക്കാർ വീതം ദിവസവും ഉണ്ടായിരിക്കേണ്ടതാണ്. പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് പ്രത്യേകം സജ്ജമാക്കിയ സ്ഥലത്ത് നിക്ഷേപിക്കേണ്ടതാണ്.

3) സീസൺ കാലഘട്ടത്തേക്ക് ആവശ്യമായ ബ്ലീച്ചിങ്ങ് പൗഡർ (35% വീര്യമുള്ള ഉദ്ദേശം 25 kg ന്റെ 225 ബാഗ്) ദേവസ്വത്തിൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ

4) സീസൺ കാലഘട്ടത്തേക്ക് ആവശ്യമായ ഫിനോയിൽ (black disinfectant liquid ഉദ്ദേശം 175 ലിറ്റർ) ദേവസ്വത്തിൽ കൊണ്ടുവന്ന് വിതരണം ചെയ്യുന്നതിനുള്ള ക്വട്ടേഷൻ

മേൽപറഞ്ഞ 1,2 ഇനങ്ങൾക്ക് ക്വട്ടേഷനോടൊപ്പം നിരതദ്രവ്യമായി 10,000/- ക. യും 3,4 ഇനങ്ങൾക്ക് 5000/- ക.യും മൊത്തം ഇനങ്ങൾ എറ്റെടുക്കുന്നതിന് തയ്യാറുള്ളവർ 15,000/- ക.യുടെ നിക്ഷേപരശീതി ചോറ്റാനിക്കര ദേവസ്വം അസിസ്റ്റന്റ് കമ്മീഷ്ണറുടെ പേരിൽ എടുത്ത് (ചോറ്റാനിക്കര ~~വിജയാബാങ്കിൽ~~ ബാങ്ക് ഓഫ് ബറോഡയിൽ മാറാവുന്നത്) ക്വട്ടേഷനൊപ്പം അടക്കം ചെയ്യേണ്ടതാണ്. **17/10/2023** ഉച്ചതിരിഞ്ഞ് **12** മണിവരെ ക്വട്ടേഷനുകൾ സ്വീകരിക്കുന്നതും അന്നേദിവസം **1 PM ന്** ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്ന് പരിശോധിക്കുന്നതുമാണ്.

മേൽപറഞ്ഞ പ്രവൃത്തികൾ എറ്റെടുത്ത് നടത്തുന്നതിന് കുറഞ്ഞ ക്വട്ടേഷൻ നിരക്ക് രേഖപ്പെടുത്തിയ ആൾക്ക് കരാർ ഉറപ്പിച്ചുനൽകുന്നതും പ്രസ്തുതകാലയളവിൽ മേൽപറഞ്ഞ ജോലികളെല്ലാം കൃത്യമായും ഉത്തരവാദിത്വത്തോടുകൂടിയും ദേവസ്വത്തിൽ നിന്നും അപ്പപ്പോൾ ലഭിക്കുന്ന നിബന്ധനകളും നിർദ്ദേശങ്ങളും പാലിച്ചുകൊണ്ടും ആരോഗ്യവകുപ്പ് അധികൃതരുടെ നിർദ്ദേശപ്രകാരവും ശുചീകരണജോലികൾ നിർവ്വഹിക്കേണ്ടതാണ്.

പ്രസ്തുതജോലികൾ എറ്റെടുക്കുന്ന കരാറുകാരൻ 100/- ക മുദ്രപത്രത്തിൽ നിയമാനുസൃതമായ ഒരു കച്ചീട്ട് എഴുതി ദേവസ്വത്തിൽ ഹാജരാക്കേണ്ടതും അതുപ്രകാരം പ്രവർത്തികൾ ഭംഗിയായി നിർവ്വഹിക്കേണ്ടതും ആണ്. ഇപ്രകാരം പ്രവർത്തിക്കാത്തപക്ഷം ടിയാൻ ദേവസ്വത്തിലേക്ക് കെട്ടിവെച്ചിട്ടുള്ള നിരതദ്രവ്യം ദേവസ്വത്തിൽ മുതൽക്കൂട്ടുന്നതുമാണ്. കരാറുകാരൻ പണികൾ എറ്റെടുത്ത് ടി കാലഘട്ടത്തിനുള്ളിൽ ചെയ്യുന്ന ജോലികളിൽ വീഴ്ച വരുത്തുന്നപക്ഷം ദേവസ്വത്തിൽ ഉണ്ടാകാവുന്ന എല്ലാ കഷ്ടനഷ്ടങ്ങൾക്കും ഉത്തരവാദി കരാറുകാരൻ മാത്രമായിരിക്കും.

മേൽപറഞ്ഞ പ്രവൃത്തികൾ ചെയ്യുന്നതിന് ലഭിക്കുന്ന ക്വട്ടേഷനുകൾ എതെങ്കിലും കാരണവശാൽ നിരസിക്കൽ, മറ്റു ഉചിതമായ തീരുമാനമെടുക്കൽ എന്നീ കാര്യങ്ങളിൽ പൂർണ്ണ അധികാരം താഴെ ഒപ്പിടുന്ന ഉദ്യോഗസ്ഥനായിരിക്കും. ആയത് ചോദ്യം ചെയ്യുവാൻ ആർക്കും അധികാരാവകാശങ്ങൾ ഉണ്ടായിരിക്കുന്നതല്ല. ഈ ലേലം വേണ്ടെന്ന് വെയ്ക്കുന്നതിനോ ഭാഗികമായി റദ്ദ് ചെയ്യുന്നതിനോ താഴെ ഒപ്പിടുന്നയാൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്. മേൽപറഞ്ഞ സംഗതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാനാഗ്രഹിക്കുന്നവർ അസിസ്റ്റന്റ് കമ്മീഷ്ണറുടെ ഓഫീസുമായി ഓഫീസ് പ്രവർത്തിസമയങ്ങളിൽ ബന്ധപ്പെടേണ്ടതാണ്.

9.10.23

അസിസ്റ്റന്റ് കമ്മീഷ്ണർ
ചോറ്റാനിക്കര
Phone: 0484-2711032
0484-2713300